**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5639 **03.11.2016**-ലെ മറുപടിക്ക്

**ഭക്ഷണമില്ലാതെ ബുദ്ധിമുട്ടുന്ന പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എൻ .എ.നെല്ലിക്കുന്ന്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഭക്ഷണമില്ലാത്തതിനാൽ പലകോളനികളിലും പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിവരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ഒരു കോളനിയിലേയും പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ ഭക്ഷണമില്ലാത്തതിനാൽ ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിവരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മഴക്കാലത്ത് 4 മാസങ്ങളിൽ എല്ലാ ആദിവാസി വിഭാഗങ്ങൾക്കും ഭക്ഷ്യസഹായ പദ്ധതി പ്രകാരം ഭക്ഷ്യവസ്തുക്കൾ നല്കി വരുന്നുണ്ട്. |
| (ബി) | എങ്കിൽ ഇതിനുള്ള പരിഹാരമാർഗ്ഗങ്ങളെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ;ഈ പ്രശ്നം എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; | | |
| (സി) | മരണാനന്തര ചടങ്ങുകൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സഹായധനം അനുവദിക്കാറുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (സി) | മരണാനന്തര ചടങ്ങുകൾക്ക് പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സഹായധനം അനുവദിക്കുന്ന പദ്ധതികളൊന്നും നിലവിലില്ല. എന്നാൽ സ്വന്തമായി ഭൂമിയില്ലാത്ത പട്ടികജാതിക്കാർക്ക് മൃതദേഹം മറവു ചെയ്യുന്നതിനായി 5 കി.മീറ്ററിൽ അധികം ദൂരമുള്ള പഞ്ചായത്ത് / മുനിസിപ്പൽ / കോർപ്പറേഷൻ പൊതുശ്മശാനങ്ങളിൽ എത്തിക്കേണ്ടി വരുന്ന അവസരങ്ങളിൽ ആയതിന്റെ ചെലവിലേക്കായി 2000/- രൂപ സാമ്പത്തിക സഹായം (വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും) അനുവദിക്കുന്നുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ മരണാനന്തര ചടങ്ങുകൾക്ക് തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ